"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1685/2025-ICDSB2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 26-07-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശു വികസന സേവന പദ്ധതി- -ICDS AWARD 2025-മികച്ച അങ്കണവാടിയ്ക്കുള്ള സംസ്ഥാന അവാർഡ് - നോമിനേഷൻ സമർപ്പിക്കുന്നത്-സംബന്ധിച്ച്:-

സൂചന:-
1. സ. ഉ .(സാധാ)നം 250/2025/WCDD തീയതി 02/06/2025
2. സ. ഉ .(സാധാ)നം 388/2024/WCDD തീയതി 03/10/2024

സംസ്ഥാനത്തെ അങ്കണവാടികൾ വഴി നൽകി വരുന്ന സേവനങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഗുണഭോക്താക്കളിലേയ്ക്ക് സേവനങ്ങൾ എത്തിക്കുന്നതിനും അങ്കണവാടിയുടെ മോണിട്ടറിംഗും പിന്തുണ സംവിധാനവും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിൻറെ ഭാഗമായി വസ്തുനിഷ്ഠമായ മാനദണ്ഡത്തിൻറെ അടിസ്ഥാനത്തിൽ അങ്കണവാടികളെ A.B.C.D എന്നിങ്ങനെ ഗ്രേഡ് ചെയ്തിട്ടുണ്ട്. ഇപ്രകാരം 'A' ഗ്രേഡ് ലഭിക്കുന്ന അങ്കണവാടികളിൽ നിന്നും ജില്ലയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു അങ്കണവാടിയെ മികച്ച അങ്കണവാടിയായി തെരഞ്ഞെടുത്തു 10000/- രൂപ ക്യാഷ് അവാർഡും മൊമെന്റോയും സർട്ടിഫിക്കറ്റും നൽകി വരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ മികച്ച രീതിയിൽ പ്രവർത്തിച്ച 14 അങ്കണവാടികൾക്ക് സംസ്ഥാന അവാർഡ് നൽകുന്നതിന് സൂചന (1) പ്രകാരം ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് നോമിനേഷനുകൾ ക്ഷണിക്കുന്നു .

സംസ്ഥാനത്ത് സംയോജിത ശിശു വികസന സേവന പദ്ധതി സംസ്ഥാന അവാർഡിന് തെരഞ്ഞെടുക്കുന്നതിനായുള്ള മാനദണ്ഡങ്ങളിൽ കാലോചിതമായ പരിഷ്കരണം നടത്തുകയും ആയത് അംഗീകരിച്ചുകൊണ്ടും അങ്കണവാടി വർക്കർ, അങ്കണവാടി ഹെൽപ്പർ, മികച്ച അങ്കണവാടി എന്നീ വിഭാഗങ്ങൾക്ക് മാത്രം ക്യാഷ് അവാർഡ് അനുവദിച്ചും സൂചന (2) പ്രകാരം ഭരണാനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്.

ഗ്രേഡിംഗ് മാനദണ്ഡം പാലിച്ച് ഓരോ പ്രോജക്ടിലും "A" ഗ്രേഡും ഏറ്റവും കൂടുതൽ മാർക്കും ലഭിച്ചിട്ടുള്ള അങ്കണവാടികളിൽ നിന്നും 3 അങ്കണവാടികളെ മുൻഗണന ക്രമത്തിൽ തെരഞ്ഞെടുത്തു പ്രോജക്ട് തല അവാർഡ് കമ്മിറ്റിയിൽ (അങ്കണവാടി സെൻററിൻറെ ഫോട്ടോ ഉൾപ്പെടെ) നോമിനേറ്റ് ചെയ്യേണ്ടതാണ് .ഇതിനായി പ്രോജക്ട് തലത്തിൽ ചുവടെ പറയും പ്രകാരം അവാർഡ് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ | ചെയർമാൻ |
| 2 | മെഡിക്കൽ ഓഫീസർ ,CHC /ബ്ലോക്ക് PHC | അംഗം |
| 3 | ICDS സൂപ്പർവൈസർമാർ | അംഗങ്ങൾ |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | കൺവീനർ |

പ്രോജക്റ്റ് തല അവാർഡ് കമ്മിറ്റി ഒരു അങ്കണവാടിയെ നോമിനേറ്റ് ചെയ്യേണ്ടതും ആയതിൻ്റെ വിശദാംശം, കമ്മിറ്റിയുടെ മിനിട്ട്സ് എന്നിവ സഹിതം ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർക്ക് **2025 ഓഗസ്റ്റ്** 5 നകം നോമിനേഷൻ സമർപ്പിക്കേണ്ടതുമാണ് .

മുൻവർഷങ്ങളിൽ അവാർഡ് ലഭിച്ച അങ്കണവാടിയെ ശുപാർശ ചെയ്യാൻ പാടില്ല.

പ്രസ്തുത നോമിനേഷനുകൾ മാനദണ്ഡ പട്ടിക പ്രകാരമാണോ എന്നത് ചുവടെ പറയുന്ന ജില്ലാ കമ്മിറ്റി പരിശോധിക്കേണ്ടതും, നോമിനേഷനുകളിൽ നിന്നും ഒരു അങ്കണവാടിയെ ജില്ലാതല അവാർഡിനായി തെരഞ്ഞെടുക്കേണ്ടതും, കമ്മിറ്റിയുടെ മിനിട്ട്സ്, മാനദണ്ഡപട്ടിക എന്നിവ സഹിതം **2025 ആഗസ്റ്റ്** 20 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർമാൻ |
| 2 | നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 3 | ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 4 | അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ | അംഗം |
| 5 | ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം |
| 6 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 7 | ജില്ലാ വനിത ശിശു വികസന ഓഫീസർ | അംഗം |
| 8 | ജില്ലാതല പ്രോഗ്രാം ഓഫീസർ | കൺവീനർ |

സമയ പരിധി കഴിഞ്ഞു ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ ജില്ലാതലത്തിൽ വ്യാപക പ്രചരണം നൽകേണ്ടതാണ് . മികച്ച

അങ്കണവാടിയെ തെരഞ്ഞെടുക്കുന്നതിന് നിശ്ചിത പ്രൊഫോർമയിലുള്ള മാനദണ്ഡ പട്ടിക അനുബന്ധമായി ചേർക്കുന്നു. അങ്കണവാടികളെ ഗ്രേഡ് ചെയ്യേണ്ടത് ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള DWCD/3652/2025-ICDS B2 തീയതി 18/06/2025 നമ്പർ പരിപത്രം പ്രകാരം ആയിരിക്കണം.

Signed by
Haritha V Kumar
Date: 28-07-2025 10:48:53
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും